## മുസ്ലിം ഗേൾസ് സ്റ്റുഡെന്റ്സ് സ്കോളർഷിപ്പ് 2010–11
## (പാലോളി കമ്മിറ്റി ശുപാർശ)

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

**വിശദ വിവരങ്ങൾക്കായി ഇതു സംബന്ധിച്ച വിജ്ഞാപനം വായിക്കുക**

1. **യോഗ്യതകൾ**

   a. കേരളത്തിൽ സ്ഥിരം താമസമാക്കിയിട്ടുള്ള മുസ്ലിം **വിദ്യാർത്ഥിനി**യായിരിക്കണം.

   b. കേരളത്തിൽ ഗവൺമെന്റ്,ഗവൺമെന്റ് എയിഡഡ് സ്ഥാപനങ്ങളിൽ ബിരുദതലത്തിലോ അതിലും ഉയർന്ന തലത്തിലോ ഒന്നാം വർഷ വിദ്യാർത്ഥിനിയായിരിക്കണം.

      i. പൊതുപ്രവേശന പരീക്ഷയെഴുതി സർക്കാർ വിഹിതമെന്ന നിലയിൽ സ്വാശ്രയ സ്ഥാപനങ്ങളിൽ ഒന്നാം വർഷം പഠിക്കുന്ന മുസ്ലിം പെൺകുട്ടികൾക്കും ഈ സ്കോളർഷി പ്പിന് അപേക്ഷിക്കാം.

   c. യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.

   d. വാർഷിക കുടുംബവരുമാനം 2.50 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

   e. ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കുന്നവർ അംഗീകൃത ഹോസ്റ്റലിലായിരിക്കണം താമസം.

      i. സർക്കാർ,സോഷ്യൽ വെൽഫയർ ഡിപ്പർട്ടുമെന്റ്,യൂണിവേഴ്സിറ്റികൾ, IHRD,LBS എന്നിവ നടത്തുന്ന ഹോസ്റ്റലുകളും, കൂടാതെ കുട്ടി പഠിക്കുന്ന സ്ഥാപനം നേരിട്ട് നടത്തുന്ന ഹോസ്റ്റലുകളും അംഗീകൃതമായിരിക്കും.

2. **അപേക്ഷിക്കേണ്ട രീതി:**

   a. വിദ്യാർഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **6–12–2010** മുതൽ സമർപ്പി ക്കാവുന്നതാണ്. ഇതിനായി:

      i. **Apply Online** ൽ ക്ലിക്ക് ചെയ്യുക.

      ii. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് **Candidate Login** ചെയ്യുക.

      iii. അല്ലെങ്കിൽ **New Registration** ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് **Submit** ക്ലിക്ക് ചെയ്യുക.

iv. സ്കോളർഷിപ്പ് പേജിൽ **MGS** എന്ന ടാബിൽ ക്ലിക്ക് ചെയ്യുക

vi. കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക.

vii. ഹോസ്റ്റലർ ആണോ എന്ന വിവരവും ആണെങ്കിൽ, ഹോസ്റ്റൽ അംഗീകൃതമാണോ എന്ന വിവരവും സെലക്റ്റ് ചെയ്യുക.

viii. സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽപഠിക്കുന്നവരാണെങ്കിൽ, പ്രവേശനം മെരിറ്റ് സീറ്റിലാണോ എന്ന വിവരം സെലക്റ്റ് ചെയ്യുക.

ix. **Submit** ക്ലിക്ക് ചെയ്യുക.

b. ഓൺലൈനിലൂടെ അപേക്ഷ നൽകിയ തിനു ശേഷം **View/ Print Application** ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

c. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് **ഭാഗം 3** ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേതാണ്.

d. വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തി യിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേതാണ് (**Verification**).

e. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം (**Approval**).

f. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ,

i. ഗവൺമന്റ് /എയിഡഡ് സ്ഥാപനങ്ങൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീം ഇവ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

ii. അംഗീകൃത അൺ എയിഡഡ് സ്ഥാപനങ്ങൾ സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയം ,സംസ്കൃത കോളേജ് കാമ്പസ്,പാളയം ,തിരുവനന്തപുരം എന്ന വിലാസത്തിൽ അവസാന തീയതിക്കകം എത്തിക്കേതാണ്.

**3. സ്ഥാപനമേധാവിക്കു സമർപ്പിക്കേ രേഖകൾ**

a. അപേക്ഷകയുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്.

b. എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

c. അപേക്ഷകയുടെ **സ്വന്തം പേരിലുള്ള** ബാങ്ക് പാസ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ ഉൾപ്പെട്ടിരിക്കണം).

d. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്(ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്).

e. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.

f. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.

g. വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന് (അസ്സൽ).

h. ഹോസ്റ്റലർ ആണെങ്കിൽ വാർഡനിൽ നിന്നും വാങ്ങി സ്ഥാപന മേധാവി മേലൊപ്പ് വച്ചിട്ടുള്ള ഇന്മേറ്റ് സർട്ടിഫിക്കറ്റ്.

i. സ്വാശ്രയ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾ ഗവൺമെന്റ് അലോട്ട്മെന്റ് മെമ്മോ ഹാജരാക്കേതാണ്.

**4. അവസാന തീയതികൾ**

a. ഓൺലൈൻ ആയി അപേക്ഷകൾ രജിസ്റ്റർ ചെയ്യേ അവസാന തീയതി : **18/12/2010**

b. രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേ തീയതി : **31/12/2010**

c. സ്ഥാപനമേധാവികൾസൂക്ഷ്മപരിശോധനക്കു ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേ അവസാന തീയതി : **5/01/2011**

d. അംഗീകൃത അൺ എയിഡഡ് സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധരേഖകളും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേ അവസാന തീയതി : **14/01/2011**